## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1618**

**04.12.2015 - ൽ മറുപടിക്ക്**

### നീര ഉൽപാദനം

| ചോദ്യം<br>ശ്രീ.എ.എ.അസീസ് | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) നീരയുടെ ഉൽപാദനത്തിനും വിപണനത്തിനുമായി എന്തൊക്കെ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കുന്നത്; വ്യക്തമാക്കുമോ; | എ) നാളീകേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾ മുഖേനയും കൃഷി വകുപ്പിനു കീഴിലുള്ള ഏജൻസികൾ മുഖേനയും നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിനും നീര ഉല്പാദനത്തിൽ പരിശീലനം നൽകുന്നതിനും ഇതിലൂടെ നീര ഉല്പാദനം പ്രോത്സാഹിപ്പിച്ചുകൊണ്ട് നീര വിപണിയിലെത്തിക്കാനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. 50 ലക്ഷം രൂപ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത തുക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നീരയിൽ നിന്നും ഉപ ഉത്പന്നങ്ങൾ തയ്യാറാക്കുകയും വിപണനം ചെയ്യുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ഗ്രാമ പ്രദേശങ്ങളിൽ തൊഴിൽ വർദ്ധിപ്പിക്കുവാനുമുള്ള സാധ്യതകൾ ലക്ഷ്യമിട്ടാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. |
| ബി) നീര ഉൽപാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കുമോ ? | ബി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ നീലേശ്വരം കാർഷിക കോളേജിൽ പൈലറ്റ് പ്ലാന്റ് തലത്തിലും കാർഷിക കോളേജ് വെള്ളായണിയിൽ പരീക്ഷണാടിസ്ഥാനത്തിലും യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ ഉല്പാദന യൂണിറ്റുകൾ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ